## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2283 — 06.10.2016 -ൽ മറുപടിക്ക്

### ആലത്തൂർ താലൂക്ക് ഓഫീസ് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 110 വർഷത്തിലധികം പഴക്കമുള്ള ആലത്തൂർ താലൂക്ക് ഓഫീസ് കെട്ടിടം പൈതൃക സ്മാരകമാക്കി നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കമോ; | (എ) 2013-14 സാമ്പത്തിക വർഷത്തിൽ ആലത്തൂർ താലൂക്കാഫീസ് പൈതൃക മന്ദിരമായി സംരക്ഷിക്കുന്നതിന്, ജി.ഒ(ആർ.ടി) നം.4914/2013 തീയതി 30.10.13 പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി നൽകുകയും, 2029-00-800-77 എന്ന ശീർഷകത്തിൽ ജില്ലാ കളക്ടർക്ക് 31.03.2014 നുമുമ്പ് ചിലവഴിക്കുന്നതിലേയ്ക്കായി 35 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ടി തുക 31.03.14 നു മുമ്പ് ചെലവഴിക്കാൻ കഴിയില്ല എന്ന് അറിയിക്കുകയും തുക ചെലവഴിക്കുവാൻ കഴിയാതിരുന്നതിനാൽ ജില്ലാ കളക്ടർ 31.03.14 ന് ടി തുക സറണ്ടർ ചെയ്തു. |
| (ബി) നിലവിലുള്ള ഓഫീസ്, മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കാമോ; | (ബി) ആലത്തൂർ മിനിസിവിൽ സ്റ്റേഷനിലെ ഇന്റീരിയർ പണികൾ പൊതുമരാമത്തു വകുപ്പിൽ നിന്നും പൂർത്തിയാക്കുന്ന മുറയ്ക്ക് താലൂക്കാഫീസ് മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതാണ്. |
| (സി) താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി നിലവിലുള്ള കെട്ടിടം പൈതൃക സ്മാരകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) ആലത്തൂർ താലൂക്കാഫീസ് മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന മുറയ്ക്ക് ടി കെട്ടിടം പൈതൃകമന്ദിരമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ